**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4036** **15-07-2022 - ൽ മറുപടിയ്ക്ക്**

**അനധികൃത കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നൽകുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് നഗരസഭയിൽ വ്യാപകമായി അനധികൃത കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നൽകിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇതിന് കാരണമായ സാഹചര്യം വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ഗൗരവത്തോടെ കണ്ട് തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വസ്തുനികുതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ എൻട്രി ചെയ്ത് അംഗീകാരം നൽകി സൂക്ഷിക്കുന്ന സഞ്ചയ സോഫ്റ്റ് വെയറിൽ ജീവനക്കാർക്ക് അനുവദിച്ച ലോഗിൻ വിവരങ്ങൾ ദുരുപയോഗം ചെയ്ത് കെട്ടിടങ്ങൾക്ക് നിയമാനുസൃതമല്ലാതെ സോഫ്റ്റ് വെയറിൽ മാത്രമായി നമ്പർ അനുവദിക്കുകയും ആയതിൽ ചില കെട്ടിട നമ്പറുകളുടെ നികുതി അടവാക്കിയതുമായാണ് കണ്ടെത്തിയിട്ടുള്ളത്. |
| (ബി) | ജീവനക്കാരുടെ യൂസർനെയിമും പാസ്സ്‌വേർഡും ഉപയോഗിച്ച് കൊണ്ട് തട്ടിപ്പ് നടത്തുവാനുള്ള സാഹചര്യമുണ്ടായത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ജീവനക്കാരുടെ യൂസർ നെയിമും പാസ് വേഡും ജീവനക്കാർക്കിടയിൽത്തന്നെ കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതായി വ്യക്തമായിട്ടുള്ളതും ആയത് ഉപയോഗിച്ച് സോഫ്റ്റ് വെയറിൽ ക്രമക്കേട് നടത്തിയതായുമാണ് കണ്ടെത്തിയിട്ടുള്ളത്.<br><br>സോഫ്റ്റ് വെയറിൽ നിയമാനുസൃതമല്ലാതെ അനുവദിച്ച കെട്ടിട നമ്പറുകൾ വെരിഫിക്കേഷൻ, അപ്രൂവൽ, ഡിജിറ്റൽ സിഗ്നേചർ എന്നിവ ചെയ്ത ലോഗിനുകൾ അനുവദിക്കപ്പെട്ട ഉദ്യോഗസ്ഥരെ ലോഗിൻ കൈകാര്യം ചെയ്തതിൽ വീഴ്ച വരുത്തിയതിന്റെ പേരിൽ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളതാണ്.<br><br>ഈ വിഷയവുമായി ബന്ധപ്പെട്ട് പോലീസിൽ നൽകിയ പരാതി പ്രകാരമാണ്, പോലീസ് അന്വേഷണത്തിന്റെ വെളിച്ചത്തിലാണ് കോർപ്പറേഷനിലെ സെക്ഷൻ ക്ലാർക്കുമാരായ ടി രണ്ട് ഉദ്യോഗസ്ഥരെ പോലിസ് അറസ്റ്റ് ചെയ്യുകയും, തുടർന്ന് സസ്പെന്റ് ചെയ്തിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (സി) | ഓൺലൈൻ സംവിധാനം ഉപയോഗിച്ച് നിരവധി അനധികൃത കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നൽകിയ സാഹചര്യത്തിൽ പ്രസ്തുത സോഫ്റ്റ്‌വെയറിൽ പിഴവുകൾ സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | സഞ്ചയ സോഫ്റ്റ് വെയറിൽ നിലവിൽ പിഴവുകൾ ഇല്ല. എന്നാൽ, ടി സോഫ്റ്റ് വെയറിലെ പഴുതുകൾ ദുരുപയോഗം ചെയ്താണ് മേൽ പരാമർശിച്ചത് പ്രകാരമുള്ള ക്രമക്കേടുകൾ നടത്തിയിട്ടുള്ളത് എന്ന് വ്യക്തമായിട്ടുള്ളതാണ്. കോർപ്പറേഷനിലെ തന്നെ വിവിധ ഉദ്യോഗസ്ഥരുടെ ചുമതലയിൽപെടാത്ത വാർഡുകളിലെ കെട്ടിടങ്ങൾക്കും സോഫ്റ്റ് വെയറിൽ അംഗീകാരം നൽകാൻ കഴിയും വിധമാണ് സോഫ്റ്റ് വെയർ ക്രമീകരിച്ചിരിക്കുന്നത്. കൂടുതൽ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ സെക്യൂരിറ്റി ഫീച്ചർ കൂട്ടിച്ചേർക്കുന്നതിനുള്ള നടപടികൾ ഇൻഫർമേഷൻ കേരളാ മിഷൻ സ്വീകരിച്ചുവരുന്നു. |
| (ഡി) | സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ തട്ടിപ്പ് നടത്തിയിരിക്കാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തുവാൻ തയ്യാറാകുമോ; വിശദാംശം നൽകുമോ; | (ഡി) | പ്രസ്തുത വിഷയത്തിൽ അടിയന്തിര അന്വേഷണ റിപ്പോർട്ട് നൽകുവാനായി നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. |
| (ഇ) | ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നത് തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (ഇ) | ക്രമക്കേട് കണ്ടെത്തിയതിനെത്തുടർന്ന് തുടർ പരിശോധനകൾ നടത്തുന്നതിന് അടിയന്തിരമായി നിർദ്ദേശം നൽകുകയും ആയത് പ്രകാരം പരിശോധന ആരംഭിച്ചിട്ടുള്ളതുമാണ്. |
| (എഫ്) | ഇൻഫർമേഷൻ കേരള മിഷൻ ഈ കാര്യത്തിൽ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (എഫ്) | നിയമാനുസൃതമല്ലാതെ നമ്പർ നൽകപ്പെട്ട കെട്ടിടങ്ങൾക്ക് സോഫ്റ്റ് വെയറിൽ അംഗീകാരം നൽകിയ ലോഗിൻ വിവരങ്ങൾ ഇൻഫർമേഷൻ കേരള മിഷനിൽ നിന്നും ലഭ്യമായിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ